# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 353

10-06-2014-ൽ മറുപടിക്ക്

### വൈദ്യുതി നിരക്ക് വർദ്ധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിന ് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് 2014-15 വർഷത്തേക്ക് ഏകദേശം 1423.63 കോടി രൂപ സമാഹരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട് |
| (ബി) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാതെ വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മറ്റുമാർഗ്ഗങ്ങൾ ആലോചിക്കുന്നുണ്ടോ ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (ബി) സംസ്ഥാനത്ത് വൈദ്യുതി ആവശ്യകത പ്രതിവർഷം ഏകദേശം 7 മുതൽ 8% വരെ വർദ്ധിക്കുന്നുണ്ട്. എന്നാൽ പാരിസ്ഥിതിക കാരണങ്ങളാൽ പുതിയ ജലവൈദ്യുത പദ്ധതികൾ തുടങ്ങാൻ സാധിക്കാത്തതുകൊണ്ടും സംസ്ഥാനത്ത് കൽക്കരി, ലിഗ്നൈറ്റ് തുടങ്ങിയ ഇന്ധനങ്ങൾ |

ലഭ്യമല്ലാത്തതു കൊണ്ടും സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ഊർജ്ജ ആവശ്യകത പരിഹരിക്കുന്നത് പുറത്തു നിന്നും വ്യാപാരികൾ വഴിയും, വൈദ്യുതി ഉല്പാദകർ വഴിയും കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങിയും, കൂടാതെ സംസ്ഥാനത്തിന് അകത്തുള്ള ദ്രവ ഇന്ധന നിലയങ്ങളിൽ നിന്ന് കൂടിയ വിലയ്ക്കുള്ള വൈദ്യുതി ഉല്പാദിപ്പിച്ചുമാണ്. ടി കാരണങ്ങളാൽ വൈദ്യുതി ഉല്പാദന, വാങ്ങൽ ചിലവിൽ വർഷം തോറും ഗണ്യമായ വർദ്ധനവുണ്ടാകുന്നുണ്ട്. 2006-07 ൽ വൈദ്യുതി വാങ്ങുന്നതിനുള്ള ചിലവ് യൂണിറ്റിന് 2 രൂപ 8 പൈസ ആയിരുന്നതെങ്കിൽ 2013-14 ൽ ഇത് 4 രൂപ 36 പൈസയായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഈ വർദ്ധനയ്ക്ക് അനുസരിച്ച് താരിഫ് വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല.

കൂടാതെ പണപ്പെരുപ്പം കാരണവും, സാധന സാമഗ്രികളിലുണ്ടായ വർദ്ധനവ് കാരണവും, ജീവനക്കാരുടെ ശമ്പളം, ഭരണ ച്ചെലവുകൾ, തേയ്മാനച്ചെലവുകൾ തുടങ്ങിയവയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട് 2006-07 ൽ ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിൽ എത്തിക്കുമ്പോൾ വേണ്ടി വന്ന ചിലവ് 3 രൂപ 30 പൈസ യോളമായിരുന്നുവെങ്കിൽ മേൽ പറഞ്ഞ കാരണങ്ങളാൽ 2014-15 വർഷത്തേക്ക് അത് ശരാശരി 6 രൂപ 27 പൈസ ആയി വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്. ഇതു കൂടാതെ 2012-13 ൽ

മൺസൂൺ മഴയില്ലുണ്ടായ കുറവു കാരണം ജലവൈദ്യുതോല്പാദനത്തില്ലുണ്ടായ കുറവും. കേന്ദ്ര വിഹിതത്തിൽ ഉണ്ടായ കുറവും കാരണം ഏകദേശം 2500 ദശലക്ഷം യൂണിറ്റിലധികം വൈദ്യുതി കൂടിയ വിലയ്ക്ക് ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നും വാങ്ങിക്കേണ്ടതായി വന്നു. അതു വഴി ബോർഡിന് 2550 കോടിയിലധികം രൂപയുടെ അധിക ബാധ്യത ഉണ്ടായിട്ടുണ്ട്. ടി തുക ഇന്ധന സർചാർജ്ജിൽ കൂടി നികത്തുന്നതിന് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ച ചട്ടങ്ങൾ അനുവദിക്കുന്നുണ്ടെങ്കിലും ടി നടപടി വഴി യൂണിറ്റിന് ശരാശരി ഒരു രൂപയിലധികം ഉപഭോക്താവിന് അധിക ബാധ്യതയുണ്ടാകുന്നതിനാൽ ബോർഡ് ഇന്ധന സർചാർജ്ജിന് ശുപാർശ ചെയ്യുകയുണ്ടായില്ല. എന്നാൽ ബോർഡിനുണ്ടായ വരുമാന കമ്മി നികത്തുന്നതിന് 3000 കോടിയിലധികം രൂപ ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാ]പനങ്ങളിൽ നിന്നും എടുത്തിട്ടുണ്ട്. ടി ബാധ്യത വഴി പലിശയിനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മേൽ പറഞ്ഞ കാരണങ്ങളാൽ 2014-15 വർഷത്തേക്ക്, ബോർഡിന്റെ പ്രതീക്ഷിക്കുന്ന കമ്മി 2931.21 കോടി രൂപയാണ്. ഇതിൽ 1423.63 കോടി രൂപ മാത്രമാണ് താരിഫ് വർദ്ധനയില്ലൂടെ സമാഹരിക്കുന്നതിന് ബോർഡ് ലക്ഷ്യമിടുന്നത്.

ബാക്കി നഷ്ടം താഴെ പറയുന്ന നടപടികളിലൂടെ കുറയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(1) വൈദ്യുതി വാങ്ങുന്നതിന് മത്സരാധിഷ്ഠിത ടെൻഡർ വഴി ദീർഘകാലത്തേക്ക് കരാറിൽ ഏർപ്പെടാൻ നടപടികൾ എടുത്തിട്ടുണ്ട്.

(2) പ്രസരണ, വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തി പ്രസരണ വിതരണ നഷ്ടം കുറയ്ക്കുകയും, അതുവഴി വൈദ്യുതി വാങ്ങൽ ചിലവ് കുറയ്ക്കുന്നതിനും നടപടികൾ എടുത്തു വരുന്നു.

(3) കമ്പ്യൂട്ടറൈസേഷൻ വഴിയും, ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും, അതുവഴി ചിലവുകൾ കുറയ്ക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.

(4) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ രീതപ്പെടുത്തു ന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്

| | | | |
|---|---|---|---|
| (സി) | വൈദ്യുതി ബോർഡിന്റെ കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന് വിധേയമാക്കാറുണ്ടോ ; | (സി) | സി) & (ഡി) പൊതുമേഖല സ്ഥാപനമായതിനാൽ, വൈദ്യുതി ബോർഡിന്റെ കണക്കുകൾ ആരംഭകാലം മുതൽ നാളിതു വരെയും കൺട്രോളർ ആൻറ് ആഡിറ്റർ ജനറൽ) ആണ് ആഡിറ്റ് ചെയ്ത് അംഗീകരിക്കുന്നത്. |
| & | | & | |
| (ഡി) | ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ | (ഡി) | |

| | | | |
|---|---|---|---|
| (ഇ) | വൈദ്യുതി ബോർഡിന്റെ 2013 - 14 സാമ്പത്തിക വർഷത്തെ വരവ്, ചെലവ്, മിച്ചം/കമ്മി എത്രയാണെന്ന് വിശദമാക്കുമോ ? | (ഇ) | 2013-14 വർഷത്തേക്ക് കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. ബോർഡിന്റെ പ്രൊവിഷണൽ കണക്കുകൾ അനുസരിച്ച് 2013-14 വർഷത്തെ ചിലവ് 9893.19 കോടി രൂപയും വരവ് 8465.21 കോടി രൂപയുമാണ്. പ്രതീക്ഷിക്കുന്ന വരുമാന കമ്മി 1427.97 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ